# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2007 സെപ്റ്റംബർ 4, ചൊവ്വ**

പന്ത്രണ്ടാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2007 സെപ്റ്റംബർ മാസം 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട നിയമസഭാസ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

### I. ചോദ്യങ്ങൾ

വാക്കാൽ മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*1, *2) സഭയിൽ ഉന്നയിക്കപ്പെടുകയും *1-ാം നമ്പർ ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയും *2-ാം നമ്പർ ചോദ്യത്തിന് മുഖ്യമന്ത്രിയും മറുപടി നൽകി.

### II. അടിയന്തിര പ്രമേയം

2000-ത്തിലെ കേരള (വെസ്റ്റിംഗ് ആൻഡ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ്സ്) ഓർഡിനൻസ് അനുസരിച്ച്

സർക്കാരിൽ നിക്ഷിപ്തമായ ഭൂമി ഐ. എസ്. ആർ. ഒ. യുടെ ആവശ്യാർത്ഥം വിൽപ്പന നടത്തുന്നതുമൂലം ഉളവായിട്ടുള്ള പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് നാലംഗങ്ങളും ചേർന്ന് നൽകിയ അടിയന്തിര പ്രമേയത്തിന് ബഹുമാനപ്പെട്ട വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു. അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കന്മാരും പ്രസ്താവനകൾ നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അല്പ സമയത്തിനകം സഭയിൽ ഹാജരാകുകയും ചെയ്തു.

III. ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിനായി ഒരു ഹാന്റ്‌ലൂം ഫാബ്രിക് ഡവലപ്പ്മെന്റ് ബാങ്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. വി. ജെ. തങ്കപ്പൻ വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) ഗൾഫിൽ നിന്ന് തിരിച്ചെത്തുന്നവരുടെ പുനരധിവാസത്തിനു വേണ്ട നടപടികൾ സ്വീകരിക്കേ... ... ആവശ്യകതയിലേയ്ക്ക് ശ്രീ. സി. ടി. അഹമ്മദ് അലി

GOVERNMENT OF KERALA

മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മുഖ്യമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## IV ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ ബി. രാഘവൻ, കെ. കെ. ജയചന്ദ്രൻ, സി. പി. മുഹമ്മദ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ ആറാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ നാമനിർദ്ദേശം ചെയ്തു.

## V സബ്മിഷൻ

(1) സ്വാതന്ത്ര്യ ദിനത്തിൽ ദേശീയപതാക തലകീഴായി ഉയർത്തിയതു സംബന്ധിച്ച് ശ്രീ. പി. കെ. അബ്ദുറബ്ബ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) മുൻ ഫുട്ബോൾ ക്യാപ്റ്റനും ടൈറ്റാനിയം ജീവനക്കാരനുമായിരുന്ന തോമസ് സെബാസ്റ്റ്യന്റെ വിധവയ്ക്ക് ആശ്രിതനിയമനം നൽകുന്നത് സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(3) പാഠപുസ്തക വിതരണത്തിലുണ്ടായ കാലതാമസം സംബന്ധിച്ച് ശ്രീ. എ. പി. അനിൽകുമാർ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

GOVERNMENT OF KERALA

(ഇതേ വിഷയം സംബന്ധിച്ച് സർവ്വശ്രീ സി. ടി. അഹമ്മദ് അലി, സി.എഫ്. തോമസ്, കെ. കുട്ടി അഹമ്മദ് കുട്ടി എന്നീ അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്)

(4) കൊല്ലം ജില്ലയിൽ സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിൽ വീഴ്ചയുണ്ടായത് സംബന്ധിച്ച് ശ്രീ. എൻ. അനിരുദ്ധൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(5) തോട്ടം തൊഴിലാളികൾ താമസിക്കുന്ന പാഡികളിൽ പദ്ധതി വിഹിതം ചെലവ് ചെയ്യുന്നത് സംബന്ധിച്ച് പ്രൊഫ. സി. രവീന്ദ്രനാഥ് ഉന്നയിച്ച സബ്മിഷന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി

(6) തിരുവമ്പാടി മണ്ഡലത്തിലെ കാട്ടാനശല്യം സംബന്ധിച്ച് ശ്രീ ജോർജ് എം. തോമസ് ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി

(7) വള്ളുവനാട്ടിലെ തളി മഹാക്ഷേത്രത്തിന്റെ ഗോപുരവാതിൽ സാമൂഹ്യവിരുദ്ധർ കത്തിച്ചത് സംബന്ധിച്ച് ശ്രീ. വി. ശശികുമാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു

## VII. നിയമനിർമ്മാണ കാര്യം

### ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും.

**(1) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ.**

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബില്ലും X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. പ്രമേയത്തെ കൃഷി വകുപ്പുമന്ത്രി പിന്താങ്ങി.

2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടവും [illegible] [illegible]

GOVERNMENT OF KERALA

അനുസരിച്ച് ശരിയല്ലെന്നും ബില്ലിന്റെ ഇംഗ്ലീഷ് പരിഭാഷ ഭരണഘടന അനുസരിച്ച് വേണ്ടതാണെന്നും ബില്ലിലെ പല വകുപ്പുകളും ഭരണഘടനാ വിരുദ്ധമാണെന്നും ആയതിനാൽ ബില്ലിന് അവതരണാനുമതി നൽകരുതെന്നും സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, കെ. എം. മാണി എന്നീ അംഗങ്ങൾ തടസ്സവാദം ഉന്നയിക്കുകയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അതിന് മറുപടി പറയുകയും ചെയ്തു.

തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്നും ബിൽ ഓർഡറിലാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിച്ചു. പ്രസ്തുത പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും സംസാരിച്ചു.

2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. പി. ജയരാജനും അവതരിപ്പിച്ചു.

സർവ്വശ്രീ വി. ഡി. സതീശൻ, എൻ. അനിരുദ്ധൻ, കെ. എം. മാണി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ചർച്ചകൾക്ക് മറുപടി പറഞ്ഞു.

നിരാകരണ പ്രമേയവും ഭേദഗതികളും നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ബിൽ X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**(2) 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ**

റവന്യൂ വകുപ്പുമന്ത്രി 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബില്ലും II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സഭാ നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. പ്രമേയത്തെ പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പിന്താങ്ങി.

2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും പ്രസ്തുത പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ശ്രീ. ജി. കാർത്തികേയനും സംസാരിച്ചു.

2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 29-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. തോമസ് ചാഴികാടനും

GOVERNMENT OF KERALA

ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ കെ. രാജുവും സംസാരിച്ചു.

റവന്യൂ വകുപ്പുമന്ത്രി ചർച്ചകൾക്ക് മറുപടി പറഞ്ഞു.

നിരാകരണ പ്രമേയവും ഭേദഗതികളും നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ബിൽ II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**(3) 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബിൽ**

റവന്യൂ വകുപ്പുമന്ത്രി 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ബില്ലും പ്രസ്തുത ബിൽ II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. പ്രമേയത്തെ പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി പിന്താങ്ങി.

2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ കെ. സി. ജോസഫും പ്രസ്തുത പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ശ്രീ. സി. ടി. അഹമ്മദ് അലിയും സംസാരിച്ചു.

GOVERNMENT OF KERALA

2007-ലെ ഇടവക അവകാശങ്ങള്‍ വിലയ്ക്കെടുക്കല്‍ (ഭേദഗതി) ബില്‍ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2007 വരെ സര്‍ക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ. എന്‍. രാജനും ബില്‍ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ശ്രീ ജി. കാര്‍ത്തികേയനും സംസാരിച്ചു.

റവന്യൂ വകുപ്പുമന്ത്രി ചര്‍ച്ചകള്‍ക്ക് മറുപടി പറഞ്ഞു

നിരാകരണ പ്രമേയവും ഭേദഗതികളും നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിന്‍വലിക്കപ്പെടുകയോ ചെയ്തു.

ബില്‍ II-ാം നമ്പര്‍ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2007 സെപ്റ്റംബര്‍ 5-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.

-----